**വഴിവെളിച്ചം**

# നമ്മുടെ അയൽവാസികൾ

عَن أَبِي ذَرٍّ رَضِيَ اللَّهُ عَنهُ قَالَ: إِنَّ خَلِيلِي ﷺ اَوْصَانِي اِذَا طَبَخْتَ مَرَقًا فَأَكْثِرْ مَاءَهُ، ثُمَّ انْظُرْ اَهْلَ بَيْتٍ مِنْ جِيرَانِكَ فَأَصِبْهُمْ مِنْهَا بِمَعْرُوفٍ

അബൂദർറിൽനിന്ന്: എന്റെ ആത്മമിത്രം എന്നോട് ഉപദേശിച്ചു: 'നീ കറിയുണ്ടാക്കുകയാണെങ്കിൽ നിന്റെ അയൽവാസികളെ കണക്കിലെടുത്തുകൊണ്ട് അതിൽവെള്ളം ഇത്തിരി അധികരിപ്പിക്കുക. അതിൽനിന്ന് നല്ലനിലയിൽ അവർക്കും നൽകുക' (മുസ്‌ലിം).

**പരസ്പര** സ്നേഹവും സൗഹാർദവുമാണ് സമൂഹത്തിന്റെ നിലനിൽപിന്നാധാരം. അതിനു വേണ്ട ധാരാളം പ്രായോഗിക നിർദേശങ്ങൾ പരിശുദ്ധ ഖുർആനിലും ഹദീസുകളിലും കാണാം. സുദൃഢമായ അയൽപക്ക ബന്ധമാണ് ഇസ്‌ലാം വിഭാവന ചെയ്യുന്നത്. നല്ല കട്ടിയുള്ള കറിയുണ്ടാക്കി ആഹാരം കഴിച്ചു സുഖിക്കുമ്പോൾ കറിയില്ലാതെ വിഷമിക്കുന്ന അയൽക്കാരനെ പരിഗണിച്ചു കറി നേർപിച്ചെങ്കിലും നൽകാനുള്ള സന്മനസ്സ് ഓരോ മുസ്‌ലിമിനും ഉണ്ടാവണമെന്നാണ് പ്രവാചകന്റെ ഉപദേശം.

ഇവിടെ അയൽവാസിയായ മുസ്‌ലിം എന്ന് തിരുമേനി പറഞ്ഞിട്ടില്ല. മതഭേദമന്യേ എല്ലാവർക്കും നന്മ ചെയ്യണമെന്നാണ് പ്രവാചകന്റെ കൽപന. ഓരോരുത്തരും തന്റെ സ്വന്തം സുഖത്തെപ്പറ്റി ചിന്തിക്കുകയും അയൽവാസിയുടെ ആവശ്യങ്ങൾ പരിഗണിക്കാതിരിക്കുകയുമാണെങ്കിൽ അവിടെ അനൈക്യവും അകൽച്ചയും ആരംഭിക്കും; ഭദ്രമായ പൊതുജീവിതത്തിന് അത് വിള്ളൽ വീഴ്ത്തും. അയൽവാസികളുമായി സൗഹാർദത്തിലും സഹാനുഭൂതിയിലും വർത്തിക്കാതെ എത്ര സൽക്കർമങ്ങൾ ചെയ്താലും അത് ഫലവത്താവുകയില്ല.

ഒരിക്കൽ നബി(സ)യോട് ഒരാൾ ചോദിച്ചു: "ഒരു സ്ത്രീയുണ്ട്. ദാനധർമത്തിലും സുന്നത്ത് നമസ്കാരത്തിലും നോമ്പ് നോൽക്കുന്നതിലും വലിയ ശ്രദ്ധ കാണിക്കുന്നവളാണ്. പക്ഷേ, നാവുകൊണ്ട് അവൾ അയൽവാസികളെ ശല്യപ്പെടുത്തും. എന്താണ് അവളുടെ സ്ഥാനം?" "അവൾ നരകത്തിലാണ്"– പ്രവാചകൻ മറുപടി നൽകി. അയാൾ തുടർന്നു പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, മറ്റൊരു സ്ത്രീ ഇതിന് നേർ വിപരീതമാണ്. സുന്നത്ത് നോമ്പ് അനുഷ്ഠിക്കാറില്ല. സുന്നത്ത് നമസ്കാരവും തഥൈവ. പാൽക്കട്ടിയുടെ കഷ്ണങ്ങൾ ദാനം ചെയ്യാറുണ്ടവൾ. പക്ഷേ, അയൽവാസികളുമായി നല്ലബന്ധമാണവൾക്ക്. അവളുടെ അവസ്ഥ എന്താണ്?" "അവൾ സ്വർഗത്തിൽ പ്രവേശിക്കും"– തിരുമേനി പറഞ്ഞു.

അയൽവാസിയെ ശല്യം ചെയ്തതാണ് ആദ്യത്തെ സ്ത്രീക്കുണ്ടായ കുഴപ്പം. അതിനാൽ അവൾ അനുഷ്ഠിച്ച സൽകർമങ്ങളെല്ലാം പാഴായി. രണ്ടാമത്തെ സ്ത്രീ സൽകർമങ്ങൾ അധികമൊന്നും ചെയ്തിട്ടില്ലെങ്കിലും അയൽവാസികളെ ശല്യപ്പെടുത്താതെ അവരുമായി നല്ലനിലയിൽ പെരുമാറി. അത് അവൾക്ക് സ്വർഗപ്രവേശം തരപ്പെടുത്തുകയും ചെയ്തു. ഒരു മുസ്‌ലിമിന് തന്റെ അയൽപക്കക്കാരോടുള്ള കടമകളെക്കുറിച്ചും മര്യാദകളെക്കുറിച്ചും വ്യക്തമായ ബോധമുണ്ടായിരിക്കണമെന്നാണ് ഈ ഹദീസ് നൽകുന്ന സൂചന.

മഹാപണ്ഡിതൻ ഇബ്നുമുബാറകിന്റെ അയൽവാസി ഒരു ജൂതനായിരുന്നു. അയൽവാസി എന്ന നിലയിൽ ഇബ്നുമുബാറക് അയാളെ അത്യധികം സ്നേഹിച്ചു. ഭക്ഷണം തയാറായാൽ ആദ്യം അയാൾക്ക് എത്തിക്കും. എന്നിട്ടേ അദ്ദേഹം കഴിച്ചിരുന്നുള്ളൂ. കൂടാതെ പല നിലക്കും അയാളെ ആദരിക്കുകയും സഹായിക്കുകയും ചെയ്തിരുന്നു.

"എനിക്കൊരു വീടുവേണം. നിന്റെ വീട് കിട്ടിയാൽകൊള്ളാം" – ഒരാൾ ജൂതനോട് പറഞ്ഞു. "നല്ല വിലകിട്ടിയാൽ വിൽക്കും" – ജൂതൻ പ്രതിവചിച്ചു. "എന്ത് കിട്ടണം?" "മിതമായി പറഞ്ഞാൽ രണ്ടായിരം ദിർഹം കിട്ടണം" – ജൂതൻ അറിയിച്ചു. "ഈ വീടിന് രണ്ടായിരം വേണമെന്നോ? അതിന്റെ മൂന്നിലൊന്നുപോലും ഈ വീടിന് വിലകിട്ടില്ല." "നിങ്ങൾ പറഞ്ഞത് ശരിയായിരിക്കാം. പക്ഷേ, ഈ വില വീടിന് മാത്രമല്ല എന്റെ അയൽവാസിക്കും കൂടിയാണ്" – ജൂതൻ വിവരിച്ചു. "അയൽവാസിക്ക് വിലയോ?" അയാൾ ആശ്ചര്യത്തോടെ ചോദിച്ചു. "അതെ, ഇബ്നു മുബാറക് ആണ് എന്റെ അയൽവാസി. എന്റെ സ്വൈര്യ ജീവിതത്തിനും സമാധാനത്തിനും കാരണക്കാരൻ അദ്ദേഹം തന്നെ." അയൽവാസി നന്നല്ലെങ്കിൽ വീട് എത്ര വലുതായിട്ടും കാര്യമില്ല.

ഒരു മുസ്‌ലിം അയൽവാസിയെ കിട്ടാൻ മത്സരിച്ച കാലമായിരുന്നു പണ്ട്. ഇസ്‌ലാം അയൽവാസികൾക്ക് നൽകിയ സ്ഥാനമാണതിന് കാരണം. അതിൽനിന്ന് വ്യതിചലിച്ചപ്പോൾ മുസ്‌ലിംകളെ അയൽക്കാരാക്കാൻ ആളുകൾ സന്നദ്ധമാവാത്ത സ്ഥിതി സംജാതമായി. ഇതിനൊരു മാറ്റം വന്നില്ലെങ്കിൽ തിക്തമായ അനുഭവമായിരിക്കും ഫലം. ■

**അബ്ദുൽജബ്ബാർ കൂരാരി**